**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **19-01-2021 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖേന വാങ്ങുന്ന ഇലക്ട്രിക് ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് കിഫ്‌ബി മുഖേന ഇലക്ട്രിക് ബസ്സ് വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയെന്നും എത്ര ബസ്സുകളാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | കിഫ്‌ബി മുഖേന ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കിഫ്‌ബി അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 57.5 കോടി രൂപ ഉപയോഗിച്ച് 50 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് കിഫ്‌ബി എന്തെങ്കിലും പ്രത്യേക നിബന്ധന വച്ചിട്ടുണ്ടോ; | (ബി) | ധനസഹായം അനുവദിക്കുന്നതിന് കിഫ്‌ബി മുന്നോട്ട് വച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു. (1) കിഫ്‌ബിയുടെ ധനസഹായത്തോടെ പുതുതായി നിരത്തിലിറക്കിയ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു എസ്.പി.വി. (Special Purpose Vehicle) കമ്പനി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ രൂപീകരിക്കണം. (2) കെ.എസ്.ആർ.ടി.സിയുടെ പ്രതിസന്ധിയെ കുറിച്ചുള്ള പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന് അനുസൃതമായി പ്രസ്തുത എസ്.പി.വി. കമ്പനിയെ നിയന്ത്രിക്കുന്നതിനായുള്ള ഭരണസമിതി വിഷയ വിദഗ്ദ്ധൻ മാരുൾപ്പെടുന്ന പ്രത്യേക സമിതിയായിരിക്കും. കിഫ്‌ബിയുടെ Detailed Appraisal Report-ൽ പറയുന്നതുപ്രകാരം മെറിറ്റ് അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട കാര്യപ്രാപ്തിയുള്ള പ്രൊഫഷണലുകൾ കമ്പനിയെ നിയന്ത്രിക്കും. (3) പുതുതായി വാങ്ങുന്ന 310 സി.എൻ.ജി. ബസ്സുകളും, 50 ഇലക്ട്രിക് ബസ്സുകളും പൂർണ്ണമായും പുതിയ കമ്പനിയുടെ കീഴിലായിരിക്കും. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ളതും എൽ.എൻ.ജി.യിലേക്ക് മാറ്റുന്നതുമായ ബസ്സുകളും പ്രസ്തുത കമ്പനിയിൽ പാട്ടവ്യവസ്ഥയിൽ ലഭ്യമാക്കും. പരിവർത്തനം നടത്തുന്നതിലൂടെ പ്രതീക്ഷിക്കുന്ന ലാഭം അടിസ്ഥാനപ്പെടുത്തിയാണ് വാടക നിരക്ക് തീരുമാനിക്കുന്നത്. (4) വായ്പയുടെ പലിശ നിരക്ക് 4% ആയിരിക്കും. മുതലും, പലിശയും പ്രതിമാസം തിരിച്ചടക്കുന്ന വ്യവസ്ഥയിൽ 7 വർഷം കൊണ്ട് |

| | | | |
|---|---|---|---|
| | | | പൂർത്തീയാക്കുന്ന രീതിയിൽ എസ്.പി.വി. കിഫ്ബിയുമായി കരാറിൽ ഏർപ്പെട്ടു. (5) പണമിടപാടുകൾക്കായി പ്രസ്തുത എസ്.പി.വി. കമ്പനി ഷെഡ്യൂൾഡ് ബാങ്കിൽ ഒരു എസ്ക്രോ അക്കൗണ്ട് തുറക്കും. പ്രസ്തുത അക്കൗണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച് എസ്.പി.വി.യും, കിഫ്ബിയും പ്രസ്തുത ബാങ്കുമായി ഒരു എസ്ക്രോ കരാർ ഒപ്പുവെക്കും. പ്രസ്തുത കരാറിൽ മറ്റെല്ലാ ചെലവുകളെക്കാളും വായ്പ തിരിച്ചടവിന് പ്രഥമ പരിഗണന നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. (6) വാഹനം വാങ്ങുന്നതിന് കിഫ്ബിയുടെ വിശദമായ മൂല്യ നിർണ്ണയ റിപ്പോർട്ടിൽ (Detailed Appraisal Report) പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥയിൽ എസ്.പി.വി. പിൻതുടരേണ്ടതാണ്. (7) എസ്.പി.വി., കിഫ്ബി, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് (ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്) എന്നിവരുമായി വായ്പ തിരിച്ചടവ് സംബന്ധിച്ച് ത്രികക്ഷി കരാറിൽ ഏർപ്പെട്ടു. വായ്പ തിരിച്ചടവിൽ എസ്.പി.വി. വീഴ്ച വരുത്തുന്ന പക്ഷം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് (ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്) ഗ്യാരന്റി നിൽക്കും എന്ന വ്യവസ്ഥയും കൂടി ഉൾപ്പെടുത്തേണ്ടതാണ്. (8) പ്രസ്തുത ത്രികക്ഷി കരാറിൽ കെ.എസ്.ആർ.ടി.സി. എസ്.പി.വി.യ്ക്ക് അനുവദിക്കുന്ന സംവിധാനങ്ങൾക്കെല്ലാം ഒരു നിശ്ചിത ഫീസ് യൂസർ ചാർജ്ജ് ആയി ഈടാക്കിക്കൊണ്ട് എസ്.പി.വി.യ്ക്ക് ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. പ്രസ്തുത കരാറിൽ എന്തെങ്കിലും തരത്തിൽ വീഴ്ച വരുത്തുന്ന പക്ഷം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് (ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്) മദ്ധ്യസ്ഥത വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. (9) കൊളിഷൻ അവോയിടൻസ് സിസ്റ്റം, ടെലിമാറ്റിക് സിസ്റ്റം എന്നിവ വാഹനത്തിൽ ഘടിപ്പിക്കുന്നതിന് മുമ്പായി ഇവ നിശ്ചിത കാലയളവിൽ പരീക്ഷണാടിസ്ഥാനത്തിൽ വാഹനങ്ങളിൽ ഉപയോഗിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഇവ വാങ്ങാവൂ എന്ന് കിഫ്ബിയുടെ Detailed Appraisal Report-ൽ വ്യവസ്ഥ ചെയ്യുന്നു. (10) 1 മുതൽ 9 വരെയുള്ള നിബന്ധനകളെ സംബന്ധിച്ചും, പ്രതിമാസ വരവ് ചെലവുകളെ സംബന്ധിച്ചുമുള്ള ഒരു റിപ്പോർട്ട് എല്ലാ മാസവും ഏഴാം തീയതിക്ക് മുമ്പായി കിഫ്ബിയ്ക്ക് നൽകണം. |
| (സി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി.യുടെ കീഴിലുള്ള പ്രത്യേക കമ്പനിയുടെ കീഴിലാക്കി വരുമാനം | (സി) | പുതുതായി ലഭ്യമാക്കുന്ന 50 ഇലക്ട്രിക് ബസ്സുകളും പൂർണ്ണമായും പുതിയ കമ്പനിയുടെ കീഴിലായിരിക്കും. മുതലും, പലിശയും പ്രതിമാസം തിരിച്ചടക്കുന്ന വ്യവസ്ഥയിൽ 7 വർഷം കൊണ്ട് പൂർത്തിയാക്കുന്ന |

| | | | |
|---|---|---|---|
| | കിഫ്ബിക്ക് മടക്കി നൽകുന്നതിനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | രീതിയിൽ എസ്.പി.വി. കിഫ്ബിയുമായി കരാറിൽ ഏർപ്പെടാനാണ് ഉദ്ദേശിക്കുന്നത്. പണമിടപാടുകൾക്കായി പ്രസ്തുത എസ്.പി.വി. കമ്പനി ഷെഡ്യൂൾഡ് ബാങ്കിൽ ഒരു എസ്ക്രോ അക്കൗണ്ട് തുറക്കുവാനും, ലഭ്യമാകുന്ന വരുമാനം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കുവാനും ടി വരുമാനത്തിൽ നിന്ന് വായ്പ തിരിച്ചടയ്ക്കാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ